അദ്ധ്യാപികയായിരുന്ന എം. കെ. രുഗ്മിണിക്ക് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകാൻ നടപടി

90 (2965) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം റവന്യൂ ജില്ലയിൽ പിരപ്പൻകോട് ഹയർ സെക്കണ്ടറി സ്ക്കൂളിലെ അദ്ധ്യാപികയായിരുന്ന ശ്രീമതി എം. കെ. രുഗ്മിണി എന്നാണ് റിട്ടയർ ചെയ്തത് ;

(ബി) അവർക്കുള്ള പെൻഷനും ഗ്രാറ്റുവിറ്റിയും നൽകിയോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(സി) സർക്കാർ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്യുന്നവരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകുന്ന കാര്യത്തിൽ താമസമുണ്ടാകുന്ന പക്ഷം അർഹമായ തുകയ്ക്കുള്ള പലിശകൂടി നൽകണമെന്നും അത് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ താമസിപ്പിക്കുവാൻ ഇടയാക്കിയവരിൽ നിന്നും ഈടാക്കണമെന്നും വ്യവസ്ഥ ചെയ്തുകൊണ്ടുള്ള ഉത്തരവ് നിലവിലുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിലെ വ്യവസ്ഥ പ്രകാരം ശ്രീമതി എം. കെ. രുഗ്മിണിക്ക് നൽകുവാനുള്ള തുകയുടെ പലിശ സഹിതം പ്രസ്തുത തുക ഉടനടി നൽകുവാൻ നിർദ്ദേശം കൊടുക്കാമോ ?

ഉത്തരം

(എ) 31-3-1999-ൽ

(ബി) അക്കൗണ്ടന്റ് ജനറൽ 15-2-2000-ൽ പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ആയത് എൻ. എൽ. സി. യും എൽ. പി. സിയും നൽകുന്നതിനായി പിരപ്പൻകോട് ഹയർ സെക്കണ്ടറി സ്ക്കൂളിലേക്ക് 1-3-2000-ൽ അയച്ചു. എൻ. എൽ. സി.യും, എൽ. പി. സി.യും കിട്ടുന്ന മുറയ്ക്ക് പെൻഷനും ഗ്രാറ്റുവിറ്റിയും നൽകുന്നതാണ്.

(സി) കാലതാമസം കൂടാതെ പെൻഷൻ ആനുകൂല്യങ്ങൾ നല്കുവാൻ ബന്ധപ്പെട്ട ആഫീസർമാർക്ക് നിർദ്ദേശം നിലവിലുണ്ട്. എന്നാൽ ഏതെങ്കിലും കാരണവശാൽ പിഴപലിശ നല്കാൻ സർക്കാർ നിർബന്ധിതമായാൽ ആ തുക വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനിൽ നിന്നും വസൂലാക്കുമെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

(ഡി) ബാധകമല്ല.

സംസ്ഥാനത്ത് വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾ

91 (2966) ശ്രീ. ബേബി ജോൺ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നുണ്ട്; ഏതൊക്കെ ജില്ലകളിലാണ് അവ പ്രവർത്തിക്കുന്നത്. ഈ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിനുള്ള ധനസഹായം കേന്ദ്രസർക്കാർ നൽകുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly